(ഇ) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന സ്ഥാപനങ്ങളിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തവ ഉണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് ഔട്ട്പോസ്റ്റ് നിർമ്മാണം

229 (2057) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് ഒരു പോലീസ് ഔട്ട്പോസ്റ്റ് നിർമ്മിക്കണമെന്നുള്ള അപേക്ഷയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കണമെന്ന അപേക്ഷ വകുപ്പുതലത്തിൽ പരിശോധിക്കുകയും അവിടെ 6 പി.സി.-മാരും 2 എച്ച്.സി.-മാരുമടങ്ങുന്ന ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കാവുന്നതാണ് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കിലും പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിവരുന്ന വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ച ശേഷം, മുൻഗണനാക്രമത്തിൽ, പുതിയ പോലീസ് സ്റ്റേഷനുകൾ/ഔട്ട് പോസ്റ്റുകൾ ആരംഭിച്ചാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുള്ളതിനാൽ പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ പെരുമ്പളത്ത് പോലീസ് ഔട്ട് പോസ്റ്റ് ആരംഭിക്കുന്ന വിഷയം പരിശോധിക്കാൻ കഴിയുകയുള്ളൂ.

ടാങ്കർലോറി അപകടങ്ങൾ

230 (2058) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇത്തരം അപകടങ്ങൾ നടക്കുമ്പോൾ രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ഫയർഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

GPM. 2/240/2020-39

LIBRARY ARCHIVES Kerala Legislative Assembly